**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3294** **10-12-2018 ൽ മറുപടിക്ക്**

**അനധികൃത കയ്യേറ്റം നടത്തിയവർക്ക് പട്ടയം**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) 1971 ന് ശേഷം അനധികൃത കയ്യേറ്റം നടത്തിയ ആർക്കെങ്കിലും പട്ടയം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) കൊല്ലം ജില്ലയിൽ കുന്നത്തൂർ താലൂക്കിൽ 1971 ന് ശേഷം അനധികൃത കയ്യേറ്റം നടത്തിയവർക്ക് പട്ടയം നല്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം പട്ടയം നല്കിയതിന്റെ എണ്ണം ക്രോഡീകരിച്ച് വച്ചിട്ടില്ല. മറ്റ് ജില്ലകളിൽ നിന്നും അനധികൃത കൈയ്യേറ്റം നടത്തിയവർക്ക് പട്ടയം നല്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) 1971 ന് മുമ്പ് കുടിയേറ്റക്കാരായവരിൽ എത്ര പേർക്ക് ഇനിയും പട്ടയം നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) ജില്ലകളിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള വിവരം ചുവടെ ചേർക്കുന്നു. |

| **ക്രമ നമ്പർ** | **ജില്ല** | **പട്ടയ നൽകാനുള്ള വരുടെ കണക്ക്** |
|---|---|---|
| 1 | തിരുവനന്തപുരം | ഇല്ല |
| 2 | കൊല്ലം | തലമുറകളായി പുറമ്പോക്കിൽ കൈയ്യേറിയ (1971 ന് മുമ്പ് എന്ന് വ്യക്തമല്ല) 2 അപേക്ഷകൾ കരുനാഗപ്പള്ളി താലൂക്ക് പരിധിയിൽ പട്ടയം ലഭിക്കാനായി അപേക്ഷിച്ചിട്ടുണ്ട്. |
| 3 | പത്തനംതിട്ട, ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് | ഇല്ല |
| 4 | കോട്ടയം | 01.08.1971 ന് മുൻപ് കൈവശമുള്ള 384 പേർക്ക് പട്ടയം നൽകാനുണ്ട് |
| 5 | ഇടുക്കി | വിവിധകാലയളവുകളിലായി കുടിയേറ്റക്കാരായവരിൽ 45558 അപേക്ഷകളിൽ നടപടി പൂർത്തിയാകാനുണ്ട്. |
| 6 | എറണാകുളം | 92 |
| 7 | തൃശ്ശൂർ | പട്ടയ അപേക്ഷകൾ 1971 ന് മുമ്പ് ശേഷം എന്ന രീതിയിൽ ക്രോഡീകരിച്ചിട്ടില്ല |
| 8 | പാലക്കാട് | 644 |
| 9 | മലപ്പുറം | 11 |
| 10 | വയനാട് | 160 |

**സെക്ഷൻ ഓഫീസർ**